# ഹ്രുദയം ഒരു ദേവാലയം
# (ഒരു ക്രുസ്തുമസ്സ് സന്ദേശക്കുറിപ്പ്)

**സുധീർ പണിക്കവീട്ടിൽ**




പഴയ നിയമത്തിലെ മുന്നൂറോളം പ്രവചനങ്ങളെ സാക്ഷത്കരിച്ച്കൊണ്ട് മനുഷ്യരാശിക്ക് നോക്കികാണാൻ ബെതലഹേമിലെ പുൽക്കൂട്ടിൽ ദൈവം ഒരു അടയാളം വച്ചു "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിച്ചു. അവനു ഇമ്മാനുവേൽ എന്നു പേരു വിളിച്ചു. അത് എന്നായിരുന്നുവെന്ന് ക്രുത്യമായ രേഖകളില്ലെങ്കിലും എ.ഡി. മുന്നൂറ്റിയൻപതിൽ റോമൻ ബിഷപ്പായ ജൂലിയസ്സ് ഒന്നാമൻ ഡിസംബർ ഇരുപത്തിയഞ്ച് ക്രുസ്തുവിന്റെ ജന്മദിനമായി നിശ്ചയിച്ചു. മെസ്സൊപ്പോട്ടോമിയൻ സംസകാരത്തിന്റെ ഭാഗമായി ഇന്നത്തെ ക്രുസ്തുമസ്സ് ആഘോഷം പോലെ ദിവസങ്ങളോളം നീണ്ട് നിൽക്കുന്ന ഉത്സവങ്ങൾ അന്നും ആഘോഷിച്ചിരുന്നതായി കാണുന്നു. ശിശിരമാസത്തിലെ തണുപ്പിൽ സൂര്യൻ മറഞ്ഞ്പോകുന്നത് ദുഷ്ടാത്മക്കൾ സൂര്യപ്രകാശത്തെ തടയുന്നത് കൊണ്ടാണെന്ന് ധരിച്ച അന്നത്തെ ജനത അതിൽ നിന്നും രക്ഷ നേടാനായി ഈശ്വരനാമം ഉറക്കെ പാടി വീടു വീടാന്തരം കയറിയിറങ്ങി തെരുവീഥികളിലൂടെ നടന്നിരുന്നു.




ക്രുസ്തുമസ്സ് കരോൾ എന്ന് ഇന്നറിയപ്പെടുന്ന സമ്പ്രദായം ഇതിനെ ആസ്പദമാക്കിയായിരിക്കാം. ചരിത്രത്തിൻെറ താളുകളിൽ ക്രുസ്തുമസ്സ് ആഘോഷങ്ങൾ നിറഞ്ഞ് നിൽക്കുന്നതായി കാണുന്നുവെങ്കിലും അന്നത്തെ ജനങ്ങൾ ഇന്നത്തെ ജനങ്ങളെ അപേക്ഷിച്ച് ഈശ്വര ചൈതന്യവും അത് നൽകുന്ന ആത്മീയാനന്ദവും അതോടൊപ്പം അനുഭവിച്ചിരുന്നതായി മനസ്സിലാക്കാവുന്നതാണ്.

എല്ലാ ആഘോഷങ്ങളിലും നമ്മൾ കാണുന്ന ആചാരങ്ങളും വിശ്വാസങ്ങളും കഴിഞ്ഞ് പോയ കാലവുമായി ബന്ധപ്പെട്ടു കിടക്കുന്നത് ആശ്ചര്യകരമായി തോന്നാം. ഏദൻ തോട്ടത്തിൽ ആദാമിനോടും ഹവ്വയോടും ഈശ്വരൻ അരുതെന്ന് വിലക്കിയ കനി വിളഞ്ഞ മരത്തിൻെറ ഓർമ്മക്കായിട്ടായിരിക്കാം ഇന്നു മനുഷ്യർ ആഡ്ംബരത്തോടെ വീട്ടുമുറിയിൽ അലങ്കരിച്ച് വക്കുന്ന ക്രുസ്തുമസ്സ് ട്രീ. സാത്താനാൽ വഞ്ചിക്കപ്പെട്ട് മരത്തിൽ നിന്നും വിലക്കപ്പെട്ട കനി തിന്നു ആദാമും ഹവ്വയും പറുദീസ നഷ്ടപ്പെത്തീുയെന്ന ദു:ഖ സ്മ്രുതിയുടേയും എന്നാൽ അതു വീണ്ടെടുക്കാൻ ദൈവം അവൻെറ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ചു എന്ന് ആഹ്ലാദത്തിൻേറയും ചി□ മായി ക്രുസ്തുമസ്സ് ട്രീയും അതിൽ മിന്നുന്ന ദീപമാലകളും മനുഷ്യനു സാന്ത്വനം നൽകുന്നു. പൂർവ്വ ദിക്കിൽ നിന്നും വിദ്വാന്മാർ വന്നു സ്വർണ്ണവും, മൂറും, കുന്തിരിക്കവും ഭൂമിയിലെ മനുഷ്യരുടെ പാപങ്ങൾ കഴുകി കളയാൻ വേണ്ടി പിറന്ന ഉണ്ണിയേശുവിനു കാണിക്ക വച്ചു. ആ ശിശു ശ്രേഷ്ടനായ ഒരു മനുഷ്യനായി ശ്രേഷ്ടനായ ഗുരുനാഥനായി, ശ്രേഷ്ടനായ പ്രവാചകനായി. എല്ലാറ്റിനുമുപരി അവൻ ദൈവപുത്രനാണെന്ന് മനുഷ്യർ തിരിച്ചറിഞ്ഞു.

റോമൻ കുരിശ്ശിൽ വേദനാജനകമായ മരണം കൈവരിക്കുകയും മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്ത യേശുദേവൻ അനവധി അത്ഭുതങ്ങളും കാരുണ്യ പ്രവർത്തനങ്ങളും കൊണ്ട് അന്നത്തെ മനുഷ്യരെ വിസ്മയിപ്പിച്ചു. നിത്യജീവിതത്തിൽ പ്രായോഗികമാക്കാവുന്ന വാസ്തവമുൾകൊള്ളുന്ന ഇരുനൂറോളം പാഠങ്ങൾ ശ്രീയേശുദേവൻ പറഞ്ഞ്തായി ബൈബിളിൽ കാണുന്നു. ഈ പാഠങ്ങൾ മനസ്സിലാക്കാനും അവ ജീവിതത്തിൽ സ്വീകരിക്കുവാനും മാമോദ്ദീസ് മുങ്ങണ്ട, കൊന്ത അണിയേണ്ട അല്ലെങ്കിൽ സ്വർണ്ണം ധരിക്കാതിരിക്കണ്ടെന്ന് ചിന്തിക്കാൻ മനുഷ്യൻ ശ്രമിക്കുന്നില്ല. മതങ്ങൾ വാണിജ്യ്വൽക്കരിക്കപ്പെടുമ്പോൾ മതസംഹിതകൾ വിൽപ്പന ചരക്കായി തരം താഴുന്നത് പരിതാപകരമാണ്.

പ്രക്രുതിയെ കീഴടക്കിയ, രോഗികൾക്ക് സൗഖ്യം കൊടുത്ത, മരിച്ചവരെ ജീവിപ്പിച്ച ഈ ദൈവപുത്രൻെറ ജന്മദിനം കൊണ്ടാടുവാൻ വേണ്ടി ഇന്ന് നമ്മൾ ഷോപ്പിംഗ് കോമ്പ്ലെക്സുകളിൽ സ്നേഹിതർക്കും, വീട്ടുക്കാർക്കും, ബന്ധുക്കൾക്കും സമ്മാനം തേടി അലയുകയാണു. മനുഷ്യ സ്നേഹത്തിൻെറ ഉത്തമ ദർശനം സ്വന്തം ജീവിതത്തിലൂടെ കാണിച്ച് കൊടുത്ത ദൈവപുത്രൻെറ പിറന്നാളുപഹാരമായി അവൻെറ വചനങ്ങൾ പാലിക്കുന്നതിനേക്കാൾ പിറന്നാളുകാരനെ സന്തോഷിപ്പിക്കുന്ന മറ്റൊന്നില്ല. യേശുദേവൻ പറഞ്ഞു എൻെറ വാക്ക് ശ്രവിക്കുന്ന നിങ്ങളൊട് ഞാൻ പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്ക്ന്നവർക്ക് നന്മ ചെയ്യുവിൻ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ,

അധിക്ഷേപിക്കുന്നവർക്ക് വേണ്ടി പ്രാർഥിക്കുവിൻ, ഒരു ചെകിട്ടത്തടിക്കുന്നവനു മറ്റേ ചെകിട് കാണിച്ച്കൊടുക്കുവിൻ.

**ഈശ്വരൻെറ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിൻെറ കോസ്മെറ്റിക്ക് ഉപയോഗിച്ച് അവൻെറ ഛായ മാറ്റികളഞ്ഞു.** കുഷ്ഠരോഗം പോലെ അത് ഭൂമിയിൽ പടർന്ന് പിടിക്കുന്നു. അതിൽ നിന്നും രക്ഷ് നേടാൻ കാരുണ്യവാനായ ദൈവം സ്വന്തം മകനെ മനുഷ്യരുടെ അടുത്തേക്കയച്ചു.

എൻെറ ഭവനം എല്ലാ ജനതക്കുമുള്ള പ്രാർഥനാലയം എന്നു എഴുതിവച്ചിട്ടുള്ളത് വായിക്കാൻ കഴിയാതെ അല്ലെങ്കിൽ അതു മനസില്ലാക്കാതെ മതത്തിൻെറ മതിലുകൾ അതിനു ചുറ്റും കെട്ടി ഞങ്ങളുടെ ദൈവം നിങ്ങളുടെ ദൈവം എന്നൊക്കെ തെറ്റിദ്ധരിച്ച് മനുഷ്യർ തമ്മിൽ തമ്മിൽ അജ്ഞത മൂലം അകലുന്നു. നന്മ നിറഞ്ഞ ജീവിതം നയിക്കാൻ മതപരിവർത്തനം ആവശ്യമണെന്ന് അരി കാശിനു വേണ്ടി കുറെ പേർ അവരുടെ പട്ടിണിയുടെ അശാന്തി ഭൂമിയിൽ പരത്തുമ്പോൾ അരിയിൽ ആദ്യാക്ഷരം എഴുതി വിദ്യ നേടിയവർ പോലും അവരുടെ വലയിൽ (ശിഷ്യന്മാർക്ക് മനുഷ്യരെ പിടിക്കാൻ യേശുദേവൻ കൊടുത്ത വലയല്ല) വീണു പോകുന്നത് കണ്ട് സാത്താൻ എത്രയോ കാലമായി ചിരിക്കുന്നു. മതങ്ങളും മതവചനങ്ങൾ വളച്ചൊടിച്ച് മനുഷ്യരെ വളച്ചൊടിക്കുന്നവരും ഭിന്നിപ്പിക്കുന്നവരും ഇല്ലാത്ത പുതിയ ഭൂമിയും പുതിയ ആകാശവും വരാൻ വേണ്ടി എല്ലാവർക്കും പ്രവർത്തിക്കാം. ക്രുസ്തുമസ്സ് ദിനങ്ങൾ ഓരോ വർഷവും ഇതൊക്കെ ഓർമ്മിക്കാൻ, ഇതേക്കുറിച്ച് ചിന്തിക്കാൻ മനുഷ്യനു അവസരം തരുന്നു.

ഇവിടെ അമേരിക്കയിൽ ഇത് മഞ്ഞു കാലം. തൂമഞ്ഞ് തൂവി പ്രക്രുതി മന്ദഹസിക്കയാണു് ശുഭ്രവസ്ത്രങ്ങൾ ധരിച്ച് നിൽക്കുന്ന ഒരു യോഗിനിയെപോലെ. വെള്ള ചിറകുള്ള മാലാഖമാരെപൊലെ മഞ്ഞു ശകലങ്ങൾ വളരെ മ്രുദുവായി ഭൂമിയെ തൊട്ടു വിളിക്കുന്നു. ശാന്തിയുടേയും സമാധാനത്തിൻേറയും മൗന സാന്ദ്ര നിമിഷങ്ങൾ നമുക്ക് ചുറ്റും ദൈവിക സാന്നിദ്ധ്യത്തിൻെറ ചൈതന്യം പകരുന്നു.

ആഘോഷങ്ങളുടെ ഭാഗമായി സമ്മാനങ്ങൾ വാങ്ങാൻ കടകളിൽ പോയി ക്യുവിൽ നിൽക്കുമ്പോൾ കടയിൽ കിട്ടാത്ത ഒരു സമ്മാനം ഈശ്വരനു വേണ്ടി മനസ്സിൽ കരുതുക. നിങ്ങളുടെ ഹ്രുദയത്തിൽ ഈശ്വരനെ പ്രതിഷ്ഠിക്കുക. പരസ്പരം സ്നേഹിക്കുക, അപ്പോൾ ഭൂമിയിൽ സമാധാനം ഉണ്ടാകും. മാലാഖമാർ സങ്കീർത്തനങ്ങൾ പാടാൻ ഭൂമിയിലേക്ക് ഇറങ്ങി വരും. ഈശ്വരൻ പ്രസാദിക്കും. ശ്രീയേശുദേവൻ സന്തോഷിക്കും. സമാധാനത്തിൻേറയും പ്രത്യാശയുടേയും നക്ഷത്ര വിളക്കുകൾ നമുക്ക് ചുറ്റും തെളിഞ്ഞ് കത്തും. ഇതിനേക്കാൾ വലിയ ജന്മദിന സമ്മാനം എവിടെയുണ്ട്. പ്രൊഫ.മധുസൂദനൻ നായരുടെ ഒരു കവിതയിലെ വരികൾ ഉദ്ധരിച്ച് കൊണ്ട് ഇതു ഉപസംഹരിക്കട്ടെ.

അതിനുള്ളിൽ ഒരു കൽപതപമാർന്ന ചൂടിൽ നിന്ന്<br>
ഒരു പുതിയ മാനവൻ ഉയർക്കും<br>
അവനിൽ നിന്നാദ്യമായ്<br>
വിശ്വ സ്വയം പ്രഭാപടലം<br>
ഈ മണ്ണിൽ പരക്കും.....

ഇ-മലയാളിയുടെ വായനക്കർക്കും, എഴുത്തുക്കാർക്കും, അഭ്യുദ്യയകാംക്ഷികൾക്കും അവരുടെ കുടുംബങ്ങൾക്കും നന്മ നിറഞ്ഞ ക്രുസ്തുമസ്സും ഐശ്വര്യ പൂർണ്ണമായ പുതു വർഷവും നേരുന്നു.

**ആമേൻ !!**